# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:986** **11/07/2016-ൽ മറുപടിയ്ക്ക്**

## കാസർകോട് കസബ കടപ്പുറത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്: | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പ് മന്ത്രി): | |
|---|---|---|---|
| എ) | കാസർകോട് കസബ കടപ്പുറത്ത് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് താമസിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; എത്ര വീടുകളിലായിട്ടാണ് ഈ കുടുംബങ്ങൾ താമസിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | എ) | കാസർഗോഡ് കസബ കടപ്പുറത്ത് 1280-ഓളം മത്സ്യതൊഴിലാളി കുടുംബങ്ങൾ അധിവസിച്ചു വരുന്നു. ഇവർ എത്ര വീടുകളിലായാണ് അധിവസിക്കുന്നത് എന്ന് കണക്കാക്കിയിട്ടില്ല. |
| ബി) | ഇവിടത്തെ വീടുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നമ്പർ ലഭിച്ചിട്ടുണ്ടോ; നമ്പർ ലഭിക്കാത്ത വീടുകൾ ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | ബി) | വീടുകൾക്ക് നമ്പർ അനുവദിക്കുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. എങ്കിലും CRZ നിയമത്തിന്റെ പരിധിയിൽ വരുന്ന വീടുകൾക്ക് നമ്പർ അനുവദിക്കുന്നതായി കാണുന്നില്ല. |
| സി) | റേഷൻ കാർഡ് ലഭിക്കാത്ത കുടുംബങ്ങൾ ഇവിടെ ഉണ്ടോ; എങ്കിൽ അവയുടെ എണ്ണം വ്യക്തമാക്കാമോ; | സി) | റേഷൻ കാർഡ് ലഭിക്കാത്ത കുടുംബങ്ങളുടെ വിവരം ഫിഷറീസ് വകുപ്പിൽ ലഭ്യമല്ല. |
| ഡി) | വൈദ്യുതി, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത വീടുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | ഡി) | വൈദ്യുതി ഇല്ലാത്ത വീടുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഫിഷറീസ് വകുപ്പിൽ ലഭ്യമല്ല. കാസർഗോഡ് ജില്ലാ ഫിഷറീസ് ഓഫീസിലെ കണക്കനുസരിച്ച് കക്കൂസില്ലാത്ത 40 വീടുകൾ ആണ് ഉള്ളത്. |

| | | | |
|---|---|---|---|
| ഇ) | കഴിഞ്ഞ അഞ്ച് വർഷത്തിനിട യിൽ വള്ളവും വലയും നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; നഷ്ട പരിഹാര ത്തിന് കിട്ടിയ അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകളിന്മേൽ എടുത്ത തീരുമാനവും അറിയിക്കാമോ? | ഇ) | കാസർഗോഡ് ജില്ലയിൽ കസബ കടപ്പുറത്ത് 2011-15 കാലയളവിൽ വള്ളവും, വലയും നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ഫിഷറീസ് ഡയറക്ടർക്ക് 8 അപേക്ഷകൾ ലഭിക്കുകയും ഇതിൻ മേൽ വിശദമായ അന്വേഷണം നട ത്തി റിപ്പോർട്ട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാസർഗോഡ്, ജില്ലാക ളക്ടർ കാസർഗോ ഡിന് നൽകുകയും ചെയ്തിട്ടുണ്ട് ഇതുമായി ബന്ധപ്പെട്ട് വള്ളവും, വലയും നഷ്ടപ്പെട്ടവർ ക്കുള്ള നഷ്ടപരിഹാരം റവന്യൂ വകുപ്പാണ് നൽ കുന്നത്. ഫിഷറീസ് വകുപ്പിന് ഇതിനായി ത നതായ ഫണ്ടുകൾ ഒന്നും തന്നെ ഇല്ല |

**സെക്ഷൻ ആഫീസർ**